# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2018** 13.06.2019-ൽ മറുപടിയ്ക്ക്

**അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഹെൽപ്പർ തസ്തികയിലെ നിയമനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി.ആർ. സുനിൽ കുമാർ** | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | അച്ചടി വകുപ്പിൽ സാങ്കേതിക വിഭാഗത്തിൽ രണ്ടാം ഗ്രേഡ് ഹെൽപ്പർ തസ്തികയിലേക്ക് കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ചട്ടങ്ങൾക്ക് വിരുദ്ധമായി അച്ചടി വകുപ്പ് ഡയറക്ടർ നടത്തിയ പ്രമോഷൻ ഉത്തരവ് റദ്ദ് ചെയ്യുന്ന നടപടി ഏത് വരെയായിയെന്നും ചട്ട വിരുദ്ധമായി നടത്തിയ പ്രമോഷൻ റദ്ദ് ചെയ്തിട്ടുണ്ടോ എന്നും അറിയിക്കുമോ; | | പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം എത്ര ജീവനക്കാർക്കാണ് പ്രമോഷൻ നൽകിയത് എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ; | | |
| (സി) | ചട്ടവിരുദ്ധമായി പ്രമോഷൻ ലഭിച്ചത് ഏതെല്ലാം തസ്തികകളിലെ ഏതേത് ജീവനക്കാർക്കെന്ന് വ്യക്തമാക്കുമോ? | | |
| (ഡി) | അച്ചടി വകുപ്പിലെ ഏതെല്ലാം സംഘടനകൾ ഇത് സംബന്ധിച്ച് സർക്കാരിൽ പരാതി നൽകിയിട്ടുണ്ട്; അവർക്ക് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ? | (ഡി) | കേരള ഗവ. പ്രസ്സ് വർക്കേഴ്സ് യൂണിയൻ, കേരള ഗവ. പ്രസ്സ് വർക്കേഴ്സ് കോൺഗ്രസ് എന്നീ സംഘടനകളാണ് സർക്കാരിൽ പരാതി സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത പരാതി പരിശോധിച്ചുവരുന്നതേയുള്ളൂവെന്നതിനാൽ ഇവർക്ക് മറുപടി നല്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ